(ബി) ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നും ലഭിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തസ്തികകളുടെ വിശദവിവരങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

മറ്റത്തൂർ മദർ പി.എച്ച്.സി.

7 (672) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിൽ മറ്റത്തൂർ മദർ പി.എച്ച്.സി.-യോട് ചേർന്ന ക്വാർട്ടേഴ്സുകൾ ഉപയോഗയോഗ്യമല്ലാതായി കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവ പുനർനിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അഞ്ച് ക്വാർട്ടേഴ്സുകളാണ് ഉപയോഗയോഗ്യമല്ലാത്തത്. ഇതിന്റെ അൺഫിറ്റ് സർട്ടിഫിക്കറ്റ്, സർവ്വേ റിപ്പോർട്ട് എന്നിവ സഹിതം ഉപയോഗയോഗ്യമല്ലാത്ത കെട്ടിടങ്ങൾ പൊളിക്കുന്നതിനുള്ള പ്രൊപ്പോസലും പുതിയവ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലും ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

സർക്കാർ ആശുപത്രികളിലെ ജീവനക്കാരും അവശ്യമരുന്നുകളും

8 (673) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ആശുപത്രികളിൽ ആവശ്യമരുന്നുകൾ വെട്ടിക്കുറച്ചതുമൂലവും വേണ്ടത്ര ഡോക്ടർമാരും നഴ്സുമാരും ഇല്ലാത്തതുമൂലവും രോഗികൾക്ക് മതിയായ ചികിത്സ ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുമൂലം പാവപ്പെട്ട രോഗികൾ കൂടുതലായി സ്വകാര്യ ആശുപത്രികളെ സമീപിക്കേണ്ടതായി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly